**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

(അന്തിമ മറുപടി)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4376** **13.11.2019-ൽ മറുപടിയ്ക്ക്**

**പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെ കുടുംബത്തിൽ ഒരാൾക്കെങ്കിലും ജോലി**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.ആർ. രാജേഷ്<br>ശ്രീ.ജോർജ് എം. തോമസ്<br>ശ്രീ.കെ. ബാബു<br>ശ്രീ.മുരളി പെരുനെല്ലി | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | ആധുനിക തൊഴിൽ മേഖലയിലുള്ള തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിച്ച് പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെ ഉന്നമനം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഒരു കുടുംബത്തിൽ ഒരാൾക്കെങ്കിലും ജോലി എന്ന പദ്ധതിയെക്കുറിച്ച് അറിയിക്കാമോ; | എ) | ഒരു പട്ടികവർഗ്ഗകുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി ലഭ്യമാക്കുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. 2019-20 വർഷത്തിലെ ഗവർണ്ണറുടെ നയപ്രഖ്യാപനത്തിലും ഇത് പ്രതിപാദിച്ചിട്ടുണ്ട്. . ഇതെ തുടർന്ന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ്, ആഭ്യന്തര വകുപ്പ്, തൊഴിൽ വകുപ്പ്, വ്യവസായ വകുപ്പ്, വനം-വന്യജീവി വകുപ്പ്, തദ്ദേശസ്വയം ഭരണ വകുപ്പ് മുതലായ വകുപ്പുകളുമായി ചർച്ച നടത്തുകയും സർക്കാർ മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ വിവിധ വകുപ്പ് മേധാവികൾക്ക് നൽകിയിട്ടുമുണ്ട്.<br><br>സർക്കാർ മേഖലയിൽ തൊഴിൽ നേടുന്നതിനായി എല്ലാ ജില്ലാഓഫീസുകൾ മുഖേനയും പ്രത്യേക പി.എസ്.സി പരിശീലനങ്ങൾ, ബാങ്ക് പ്രവേശന പരിശീലനങ്ങൾ, റയിൽവെ റിക്രൂട്ട്മെന്റ് ബോർഡ്, തൊഴിൽ പരിശീലനങ്ങൾ എന്നിവ നടത്തി വരുന്നു.<br><br>എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ചുകളിൽ തൊഴിൽരഹിതരായവരെ രജിസ്റ്റർ ചെയ്യുന്നതിന് സഹായിക്കുന്നതിന് തൊഴിൽ വകുപ്പുമായി ചേർന്ന് സ്പെഷ്യൽ ഡ്രൈവ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു.<br><br>പോലീസിലും എക്സൈസിലും 100 പട്ടികവർഗ്ഗയുവതീയുവാക്കളെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് |

| | | | |
|---|---|---|---|
| | | | നടത്തിയതിനു പുറമെ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ 2745 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് താത്കാലിക നിയമനം നൽകിയിട്ടുണ്ട്.<br><br>മുൻസിഫ്/മജിസ്ട്രേറ്റ് തസ്തികളിൽ പട്ടിക വർഗ്ഗക്കാർക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്ന തസ്തികകളിൽ മതിയായ യോഗ്യതയുണ്ടായിട്ടും ഉദ്യോഗാർത്ഥികൾ മത്സര പരീക്ഷയിൽ വിജയിക്കാത്ത സാഹചര്യം മനസ്സിലാക്കുകയും ഗവ.ലോ കോളേജുമായി ചേർന്നുകൊണ്ട് എൽ.എൽ.ബി പാസ്സായ 7 പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിക്കുകയും ചെയ്തു. ഇതിൽ 4 പേർ പ്രിലിമിനറി പരീക്ഷ പാസ്സായി മെയിൻ പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നു.<br><br>നൈപുണ്യ വികസനത്തിനും പരമ്പരാഗതതൊഴിൽ പ്രോത്സാഹനത്തിനുമാണ് പട്ടികവർഗ്ഗക്കാരുടെ മാനവശേഷി വർദ്ധിപ്പിക്കുന്നതിനായി പ്രധാനമായും ഊന്നൽ നൽകുന്നത് സംരംഭക രംഗത്തും തൊഴിൽ മേഖലയിലും പട്ടികവർഗ്ഗ യുവാക്കൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുള്ള അനവധി പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്നു.<br><br><u>ആധുനിക മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ</u><br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത സർക്കാർ / സ്വകാര്യ തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് ഏറ്റവും തൊഴിൽ സാധ്യതയുള്ള 26 കോഴ്സുകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പ്ലെയ്സ്മെന്റ് ഉറപ്പ് വരുത്തുന്നു. ഇതിനോടകം 5431 പേർക്ക് പരിശീലനവും പ്ലെയ്സ്മെന്റും ഉറപ്പ് വരുത്തുന്ന നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 1725 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് 2019-20-ൽ പരിശീലന പരിപാടി ആരംഭിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ ഇറാം ടെക്നോളജീസ് എന്ന സ്വകാര്യ സ്ഥാപനം മുഖേന ടിഗ്ഗ് & ആർക്ക് വെൽഡിംഗ് കോഴ്സ് കഴിഞ്ഞ ഏറ്റവും |

| | | | |
|---|---|---|---|
| | | | പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിലെ 8 പട്ടികവർഗ്ഗ യുവാക്കൾക്ക് വിദേശത്ത് വിവിധ കമ്പനികളിൽ പ്ലെയ്സ്മെന്റ് നേടുവാൻ കഴിഞ്ഞു. ഇതിന്റെ യാത്രാ ചെലവിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി വകുപ്പ് സാമ്പത്തിക സഹായം നൽകുകയുണ്ടായി.<br><br>**കരിയർ ഗൈഡൻസ് ജോബ് ഫെയർ**<br><br>2018-19 വർഷം ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തികൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു. ഇതിലൂടെ പട്ടികവർഗ്ഗ കുട്ടികളുടെ താത്പര്യമനുസരിച്ചുള്ള നൈപുണ്യ വികസന പരിപാടികൾക്ക് രൂപം നൽകാൻ കഴിഞ്ഞു. കൂടാതെ 2019-20 ജൂലൈ മാസത്തിൽ തൊഴിൽ അവബോധ ക്യാമ്പ് എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു. ഓരോ ക്യാമ്പിലും പ്ലസ് 2, ഐ.റ്റി.ഐ, നഴ്സിംഗ്, ബിരുദം തുടങ്ങിയവ നേടിയ 200 - ഓളം പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും അവരവരുടെ അഭിരുചിയ്ക്കനുസരിച്ചുള്ള കോഴ്സുകൾ തെരഞ്ഞെടുക്കുകയും ചെയ്തു.<br><br>**അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്:**<br><br>2018-19 -ൽ വനിതാശാക്തീകരണത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പ് വരുത്തുന്നതിന് അട്ടപ്പാടിയിൽ 291 പട്ടികവർഗ്ഗ യുവതികൾക്ക് പരിശീലനം നൽകുകയും ഇവർക്ക് തൊഴിൽ ഉറപ്പ് വരുത്തുന്നതിനായി ഒരു സൊസൈറ്റി രൂപീകരിച്ച് വസ്ത്രനിർമ്മാണത്തിനായി അപ്പാരൽ പാർക്ക് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.<br><br>**ഗോത്രജീവിക**<br><br>2016-17 വർഷം ടി പദ്ധതിപ്രകാരം 1170 തൊഴിൽരഹിതരെ കണ്ടെത്തി അവർക്ക് പ്രത്യേകിച്ചും നിർമ്മാണ മേഖലയിൽ മേസ്തിരി, കാർപെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ് തുടങ്ങിയ പ്രധാനമായും 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനവും |

പ്രവർത്തന മൂലധനവും നൽകി 53 സ്വയം സഹായ സംഘങ്ങങ്ങൾ രൂപീകരിക്കുകയും പട്ടികവർഗ്ഗ മേഖലകളിലേതുൾപ്പെടെയുള്ള ഭവനനിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് സജ്ജമാക്കിയിട്ടുണ്ട്.

<u>സെന്റർ ഓഫ് സ്കിൽ എക്സലൻസ്:</u>

2017-18 - ൽ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് മണ്ണന്തലയിൽ സെന്റർ ഓഫ് സ്കിൽ എക്സലൻസ് എന്ന പരിശീലനം സ്ഥാപനം ആരംഭിച്ചു. ടി സ്ഥാപനം മുഖേന ഇൻഫർമേഷൻ ടെക്നോളജിയിൽ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഡെസ്ക് ടോപ് എഞ്ചിനീയറിംഗ്, നെറ്റ് വർക്കിംഗ്, മൾട്ടി മീഡിയ, ഹാർഡ് വെയർ & സോഫ്റ്റ് വെയർ മെയിന്റനൻസ് എന്നീ മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനായി ലക്ഷ്യം വയ്ക്കുന്നു. ഇതിന്റെ ആദ്യബാച്ചിൽ 70 കുട്ടികൾ പരിശീലനം പൂർത്തിയാക്കി വരുന്നു.

**<u>പരമ്പരാഗത മേഖലയിൽ തൊഴിൽ ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ -</u>**

<u>തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി:</u>

എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾകൂടി ലഭ്യമാക്കുന്ന പദ്ധതി സർക്കാർ നടപ്പിലാക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവ സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുക. ഇതിനായി എം.ജി.എൻ.ആർ.ഇ.ജി.എസ് സംസ്ഥാന മിഷന് 14.40 കോടി രൂപ അനുവദിച്ച് തൊഴിലുറപ്പ് പദ്ധതിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള ട്രൈബൽ പ്ലസ് എന്ന പദ്ധതിയിലൂടെ 23096 കുടുംബങ്ങൾക്ക് 100 ദിവസത്തിനു മുകളിൽ തൊഴിൽ ലഭ്യമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. 2019-20 - ൽ നാളിതുവരെ 100 ദിവസം തൊഴിൽ പൂർത്തീകരിച്ച 3944 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അധിക തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്.

കൂടാതെ മഹാത്മഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കേന്ദ്ര ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് ആഴ്ചയിലൊരിക്കൽ വേതനം നൽകുന്നതിന് ഒരു റിവോൾവിംഗ് ഫണ്ടായി പട്ടികവർഗ വികസന വകുപ്പ് 11.13 കോടി രൂപ കുടുംബശ്രീയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിൽ അട്ടപ്പാടി, വയനാട്, ആറളം (കണ്ണൂർ) എന്നീ പ്രദേശങ്ങളിൽ കുടുംബശ്രീ വഴി നടപ്പിലാക്കുന്നു.

<u>മില്ലറ്റ് വില്ലേജ്</u>

അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ജീവനോപാധിയും ഉറപ്പ് വരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷം വകുപ്പിൻറെ ഫണ്ട് ഉൾപ്പെടുത്തി അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിൽ ജൈവപാരമ്പര്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും, കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന മില്ലറ്റ് വില്ലേജ് എന്ന പദ്ധതി 6.87 കോടി രൂപയ്ക്ക് അഗളി, ഷോളയൂർ, പുതൂർ എന്നീ 3 പഞ്ചായത്തുകളിലാണ് നടപ്പിലാക്കുന്നത്. ആദ്യഘട്ട വിളവെടുപ്പ് കഴിഞ്ഞു. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 70 ഊരുകളിലായി 760 ഹെക്ടർ കൃഷി ഇറക്കി രണ്ടാം വിളവ് നടപ്പിലാക്കി വരുന്നു. ചെറുധാന്യങ്ങൾ വിവിധ ഊരുകളിൽ നിന്നും സംഭരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നമാക്കി വിപണനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു

<u>പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം:</u>

പട്ടികവർഗ്ഗക്കാരുടെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും നേരിട്ടുള്ള നിയന്ത്രണത്തിൽ ഗണ്യമായ കൃഷി ഭൂമി നിലവിലുണ്ട്. പട്ടികവർഗ്ഗ ജനസംഖ്യ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ കാർഷിക അനുബന്ധ മേഖലകൾ വികസിപ്പിക്കുന്നതിനുള്ള പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി അട്ടപ്പാടിയിൽ 1.56 കോടി രൂപ ചെലവഴിച്ച് 19 ഊരുകളിലായി 830 ഏക്കറിൽ ഹോംസ്റ്റെഡ്

| | | | |
|---|---|---|---|
| | | | അഗ്രികൾച്ചറൽ പദ്ധതി 600 കുടുംബങ്ങൾക്കായി നടപ്പിലാക്കി വിളവെടുപ്പ് നടന്നു വരുന്നു. പട്ടികവർഗ്ഗക്കാർ കൂടുതൽ പണി എടുക്കുന്ന ഫാമുകളുടെ നവീകരണം ടി പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നു.<br><br><u>കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന സുസ്ഥിരവികസന പദ്ധതി</u><br><br>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് മുഖേന ആരംഭിച്ച കുടുംബശ്രീ സുസ്ഥിര വികസന പദ്ധതിയിൽ 5132 അയൽക്കൂട്ടങ്ങൾ വഴി 87800 കുടുംബങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള, ശാക്തീകരണ ജീവനോപാധി പരിപാടികൾ നടപ്പിലാക്കി. ഇതിലൂടെ സ്വയം തൊഴിൽ കണ്ടെത്താൻ വേണ്ട സഹായം നൽകുക, പുതുതായി ആരംഭിക്കുന്ന അയൽക്കൂട്ടങ്ങൾക്ക് 10,000 രൂപ വീതം കോർപ്പസ് ഫണ്ട്, ജോയിന്റ് ലൈവിലിഹുഡ് ഗ്രൂപ്പുകൾക്ക് 2000 രൂപ വീതം കോർപ്പസ് ഫണ്ട് എന്നിവ നൽകുകയും 46 സ്വയം സഹായ സംഘങ്ങളും 26 വ്യക്തിഗത സംരംഭങ്ങളും ആരംഭിക്കുവാൻ കഴിഞ്ഞു.<br><br><u>മിൽമ മുഖേന നടപ്പിലാക്കി വരുന്ന ജീവനോപാധി പദ്ധതികൾ:</u><br><br>2016-17 മുതൽ മലപ്പുറം, എറണാകുളം, കാസർഗോഡ്, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, വയനാട്, കോഴിക്കോട്, കോട്ടയം എന്നീ ജില്ലകളിൽ മിൽമ മുഖേന ക്ഷീരവികസനവുമായി ബന്ധപ്പെട്ട് 500 പട്ടികവർഗ്ഗക്കാർക്ക് ജീവനോപാധി പ്രവർത്തനങ്ങൾ നൽകാൻ കഴിഞ്ഞു. |
| ബി) | പട്ടികജാതി-പട്ടികഗോത്ര വിദ്യാർത്ഥികൾക്കായുള്ള വിദ്യാഭ്യാസ ധനസഹായം ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം എത്ര വീതം വർദ്ധിപ്പിക്കുകയുണ്ടായി; നിലവിൽ നൽകി വരുന്ന ധനസഹായം എത്രയെന്ന് അറിയിക്കാമോ; | ബി) | 23/07/2016-ലെ സ.ഉ(പി)നം.4/2016/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം 25% വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| സി) | സംസ്ഥാനത്തെ വിവിധ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ | സി) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ സൗകര്യവും |

| | | | |
|---|---|---|---|
| | സൗകര്യവും നിലവാരവും ഉയർത്തുന്നതിനായി ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | | നിലവാരവും ഉയർത്തുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>• സ്മാർട്ട് ക്ലാസ്സ്റൂം<br>• കമ്പ്യൂട്ടർ ലാബ്<br>• സയൻസ് ലാബ്<br>• ലാംഗ്വേജ് ലാബ്<br>• സ്കൂൾ റേഡിയോ<br>• കരിയർ ഗൈഡൻസ് & കൗൺസലിംഗ്<br>• എം.ആർ.എസ് കളിലെ വിദ്യാർത്ഥികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുവേണ്ടി സി.സി.ടി.വി. സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br>• സോളാർ പവർപ്ലാൻറ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി<br>• എം.ആർ.എസ്സുകളുടെ അടുക്കള നവീകരിക്കുന്നതിനുള്ള പദ്ധതി<br>• മൾട്ടി പർപ്പസ് സിന്തറ്റിക് കോർട്ട്<br>• മിനി മാസ്റ്റ് ലൈറ്റ്<br>• മിന്നൽ രക്ഷാചാലകം<br>• ഖര ദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ<br>• ജലശുദ്ധീകരണ പദ്ധതി<br>• നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതി<br>• സിന്തറ്റിക് ട്രാക്ക് നിർമ്മാണം<br>• എം.ആർ.എസുകളിൽ ഫയർ എക്സ്റ്റിംഗ്വിഷർ സിസ്റ്റം<br>• എം.ആർ.എസുകളിൽ നൂതന ജിം ഉപകരണങ്ങൾ ഉപയോഗിച്ച് വിദ്യാർത്ഥികളുടെ ശാരീരിക ക്ഷമത വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ട് ഔട്ട്ഡോർ ഫിറ്റ്നെസ് സെന്റർ. |

| | | | |
|---|---|---|---|
| | | | • ഡിജിറ്റൽ ലൈബ്രറി<br>• എം.ആർഎസ്. കണിയാമ്പറ്റയിൽ ആർച്ചറി പരിശീലനകേന്ദ്രം സ്ഥാപിക്കൽ<br>എം.ആർ.എസുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. പുന്നപ്ര എം.ആർ.എസ്-ൽ നിലവിൽ ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ലഭിച്ചു കഴിഞ്ഞു. എം.ആർ.എസുകളിൽ യൂണിസെഫ് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ലാസ് റൂമുകൾ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ ഹൈടെക് ആക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എസ്.പി.സി എല്ലാ എം.ആർ.എസുകളിലും നടപ്പിലാക്കിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി 50 വിദ്യാർത്ഥികൾക്ക് ഒരാൾ എന്ന ക്രമത്തിൽ എം.സി.ആർ.ടി മാരെയും, വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് നൽകുന്നതിനായി കൗൺസിലർ മാരെയും നിയമിക്കുന്നുണ്ട്. എം.ആർ.എസുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി കെട്ടിടങ്ങൾക്ക് ആവശ്യമായ മെയിന്റനൻസ്, പെയിന്റിംഗ് എന്നിവ നടത്തി വരുന്നു. ജില്ലാ കളക്ടർ ചെയർമാനായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർ, വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി യോഗം സംഘടിപ്പിക്കുകയും എം.ആർ.എസ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യാറുണ്ട്. പ്രൊപ്പോസലുകൾ യഥാസമയം സമർപ്പിക്കുന്ന പക്ഷം കൺസ്ട്രക്ഷൻ വർക്കുകൾക്ക് ആവശ്യമായ ഫണ്ട് അനുവദിച്ച് നൽകാറുണ്ട്. |

**സെക്ഷൻ ഓഫീസർ**

# കേരള സർക്കാർ

## സംഗ്രഹം

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്—സംസ്ഥാനത്തെ പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം 25% വർദ്ധിപ്പിച്ച ഉത്തരവിലെ വർദ്ധിപ്പിച്ച നിരക്ക് അതിന്റെ അടുത്ത '10' ലേക്കു ക്രമപ്പെടുത്തി ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു**

---

പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്

**സ. ഉ. (പി) നമ്പർ 4/2016/പജ.പവ.വിവ.** **തിരുവനന്തപുരം, 2016 ജൂലൈ 23.**

---

**പരാമർശം:—25-6-2016-ലെ സ. ഉ. (എംഎസ്.) നമ്പർ 43/2016/പജ.പവ.വിവ.**

### ഉത്തരവ്

സംസ്ഥാനത്തെ പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം 25% വർദ്ധിപ്പിച്ച് പരാമർശം ഒന്ന് പ്രകാരം ഉത്തരവായിരുന്നു.

പരാമർശത്തിലെ ഉത്തരവിലെ വർദ്ധിപ്പിച്ച നിരക്കുകൾ അതിന്റെ അടുത്ത (nearest) '10' ലേക്ക് ക്രമപ്പെടുത്തി ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

പി. റംലത്ത്,
*ജോയിന്റ് സെക്രട്ടറി.*

GCPT. 952/15/2016

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്.എസ്.എ.), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ. എസ്.എ.) കേരള, തിരുവനന്തപുരം.

ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഹോമിയോപ്പതിക് വകുപ്പ്, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ.

എല്ലാ സർവ്വകലാശാല രജിസ്ട്രാർമാർക്കും.

ഫിനാൻസ് ഡിപ്പാർട്ട്മെന്റ് (വെൽഫെയർ ആന്റ് വിംഗ്) (54859/വെ.വി3/15/ധന. പ്രകാരം).

പട്ടികജാതി-പട്ടികവർഗ്ഗ വികസന (പി. എം.) വകുപ്പ്.

പൊതുവിദ്യാഭ്യാസ വകുപ്പ്.

ഉന്നത വിദ്യാഭ്യാസ വകുപ്പ്.

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.

ഐ. ആന്റ് പി. ആർ. ഡി. (വെബ്സൈറ്റിൽ പോസ്റ്റ് ചെയ്യുന്നതിന്).

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

## അനുബന്ധം

| | നിലവിലുള്ള നിരക്ക് (₹) | വർദ്ധിപ്പിച്ച നിരക്ക് (₹) |
|---|---|---|
| **പ്രീ-മെട്രിക് പഠനം (ലംപ്സം ഗ്രാന്റ് നിരക്ക്)** | | |
| നഴ്സറി സ്കൂൾ | 150 | 190 |
| എൽ. പി. വിഭാഗം (ക്ലാസ്സ് I മുതൽ IV വരെ) | 250 | 320 |
| യു. പി. വിഭാഗം (ക്ലാസ്സ് V മുതൽ VII വരെ) | 500 | 630 |
| ഹൈസ്കൂൾ വിഭാഗം (ക്ലാസ്സ് VIII മുതൽ X വരെ) | 750 | 940 |
| ഒരു ക്ലാസ്സിൽ ഒരു പ്രാവശ്യം തോൽക്കുന്ന വിദ്യാർത്ഥികൾക്ക് മുകളിൽ കാണിച്ചിട്ടുള്ള നിരക്കിന്റെ 50%-ന് അർഹത ഉണ്ടായിരിക്കും. | | |
| **പോസ്റ്റ്-മെട്രിക് പഠനം (ലംപ്സം ഗ്രാന്റ് നിരക്ക്)** | | |
| ആർട്സ് ആന്റ് സയൻസ് കോളേജുകൾ | | |
| +1, +2, വൊക്കേഷണൽ ഹയർ സെക്കണ്ടറി തുടങ്ങിയ പ്രീഡിഗ്രിക്ക് തുല്യമായ കോഴ്സുകൾക്ക് | 900 | 1130 |
| ബി.എ./ബി.എസ്‌സി./ബി.കോം./ബി.എഡ്. തത്തുല്യം | 950 | 1190 |
| എം.എ./എം.എസ്‌സി./എം.കോം./എം.എസ്.ഡബ്ല്യു. തത്തുല്യം | 1250 | 1570 |
| **ശ്രീ ശങ്കര സംസ്കൃത വിദ്യാപീഠം, ഇടക്കാട്, പൂനാട്ടുകര സംസ്കൃത വിദ്യാപീഠം, ആദർശ് സംസ്കൃത വിദ്യാപീഠം, ബാലുശ്ശേരി** | | |
| മാധ്യമ | 350 | 440 |
| ശാസ്ത്രി (ഒന്നും രണ്ടും വർഷം) | 750 | 940 |
| ശാസ്ത്രി (മൂന്നാം വർഷം) | 650 | 820 |
| പ്രാക്ശാസ്ത്രി (പ്രീഡിഗ്രിക്ക് തുല്യം) | 900 | 1130 |
| ശാസ്ത്രി (ബി.എ.-യ്ക്ക് തുല്യം) | 950 | 1190 |
| ആചാര്യ (എം.എ.-യ്ക്ക് തുല്യം) | 1250 | 1570 |
| **മെഡിക്കൽ കോളേജുകൾ** | | |
| എം.ബി.ബി.എസ്./ബി.ഡി.എസ്./എം.എസ്./എം.ഡി. | 2500 | 3130 |
| ഹൗസ് സർജൻസി | 1600 | 2000 |

| | നിലവിലുള്ള നിരക്ക് (₹) | വർദ്ധിപ്പിച്ച നിരക്ക് (₹) |
|---|---|---|
| **പാരാമെഡിക്കൽ കോഴ്സുകൾ** | | |
| ബി.എസ്‌സി. എം.എൽ.ടി. (സ്കൂൾ ഓഫ് ബേസിക് മെഡിക്കൽ സയൻസ്) | 800 | 1000 |
| ഫാർമസിസ്റ്റ് ആന്റ് ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് | 650 | 820 |
| ഡെന്റൽ മെക്കാനിക് സർട്ടിഫിക്കറ്റ് കോഴ്സ് | 650 | 820 |
| ഒപ്റ്റീഷ്യൻ ആന്റ് റിഫ്രാക്ഷനിസ്റ്റ് കോഴ്സ് | 650 | 820 |
| ഓർത്തോപ്റ്റിക് കോഴ്സ് | 650 | 820 |
| ലബോറട്ടറി ടെക്നീഷ്യൻ കോഴ്സ് | 650 | 820 |
| ഡിപ്ലോമ ഇൻ ഫാർമസി (ഡി.ഫാം.) (ഡി.എം.ഇ.-യുടെ അംഗീകാരത്തോടെ സ്വകാര്യ സ്ഥാപനങ്ങൾ നടത്തുന്ന ഡി.ഫാം. ഉൾപ്പെടെ) | 650 | 820 |
| മെഡിക്കൽ റിക്കാർഡ് കീപ്പിംഗ് | 650 | 820 |
| സർട്ടിഫൈഡ് റേഡിയോളജിക്കൽ അസിസ്റ്റന്റ് കോഴ്സ് | 650 | 820 |
| റേഡിയോഗ്രാഫർ ട്രെയിനിംഗ് കോഴ്സ് | 650 | 820 |
| സാനിറ്ററി ഇൻസ്പെക്ടേഴ്സ് കോഴ്സ് | 650 | 820 |
| ഫാർമസിസ്റ്റ് അസിസ്റ്റന്റ് കോഴ്സ് | 650 | 820 |
| **ബി.ഫാം. കോഴ്സ്** | | |
| ഒന്നാം വർഷം | 1000 | 1250 |
| രണ്ടാം വർഷം | 1350 | 1690 |
| മൂന്നാം വർഷം | 2050 | 2570 |
| നാലാം വർഷം | 2500 | 3130 |
| **നേഴ്സിംഗ് കോഴ്സ്** | | |
| ബി.എസ്‌സി. നേഴ്സിംഗ് | 800 | 1000 |
| പി.ഡി.സി. നേഴ്സിംഗ് | 750 | 940 |
| ജനറൽ നേഴ്സിംഗ് | 1050 | 1320 |
| എ.എൻ.എം./ഹെൽത്ത് വർക്കർ ട്രെയിനിംഗ് കോഴ്സ്/ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സിംഗ് | 700 | 880 |

| | നിലവിലുള്ള നിരക്ക് (₹) | വർദ്ധിപ്പിച്ച നിരക്ക് (₹) |
|---|---|---|
| **ആയുർവേദ കോളേജുകൾ** | | |
| വിഷ ഡിപ്ലോമ കോഴ്സുകൾ ബി.എ.എം./ബി.എ.എസ്./ ഡി.എ.എം./കണ്ടൻസ് ബി.എ.എം./ഹൗസ് സർജൻസി/ ഇന്റേൺഷിപ്പ് | 1350 | 1690 |
| ആയുർവേദ ഫാർമസി ആന്റ് ആയുർവേദ നേഴ്സിംഗ് | 1050 | 1320 |
| **ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകൾ** | | |
| ഡി.എച്ച്.എം.എസ്./ഡി.എച്ച്.എം. ഹൗസ് സർജൻസ്/ ഇന്റേൺഷിപ്പ് | 1350 | 1690 |
| ബി.എച്ച്.എം.എസ്. (ഹോമിയോ ഡിഗ്രി കോഴ്സ്) | 1800 | 2250 |
| **എഞ്ചിനീയറിംഗ് കോളേജുകൾ** | | |
| ബി.എസ്സി. (എഞ്ചിനീയറിംഗ് ബി.ഇ./ബി.ടെക്.) എം.എസ്സി./എം.ടെക്. (കോഴിക്കോട് എഞ്ചിനീയറിംഗ് കോളേജ് ഉൾപ്പെടെ) | 1800 | 2250 |
| **കോളേജ് ഓഫ് വെറ്ററിനറി ആന്റ് അനിമൽ സയൻസ്** | | |
| ബി.വി.എസ്സി. (വെറ്ററിനറി) | 1800 | 2250 |
| എം.വി.എസ്സി. | 1800 | 2250 |
| **ഹോർട്ടികൾച്ചർ കോളേജ്** | | |
| ബി.എസ്സി. (ഹോർട്ടി) | 1800 | 2250 |
| എം.എസ്സി. (ഹോർട്ടി) | 1800 | 2250 |
| **അഗ്രികൾച്ചറൽ കോളേജ്** | | |
| ബി.എസ്സി. (അഗ്രികൾച്ചർ) | 1800 | 2250 |
| എം.എസ്സി. (അഗ്രികൾച്ചർ) | 1800 | 2250 |
| എം.എഫ്.എസ്സി. (അഗ്രികൾച്ചർ) | 2050 | 2570 |
| ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രികൾച്ചർ ടെക്നോളജി ഡിപ്ലോമ സർട്ടിഫിക്കറ്റ് കോഴ്സ് | 700 | 880 |

| | നിലവിലുള്ള നിരക്ക് (₹) | വർധിപ്പിച്ച നിരക്ക് (₹) |
|---|---|---|
| **ലാ കോളേജുകൾ** | | |
| എൽഎൽ.ബി. | 1500 | 1880 |
| എൽ.എൽ.എം. | 1500 | 1880 |
| **ട്രെയിനിംഗ് കോളേജുകൾ** | | |
| ബി.എഡ്. | 1050 | 1320 |
| എം.എഡ്. | 1050 | 1320 |
| [illegible].ടി.സി./എൽ.റ്റി.റ്റി.സി. | | |
| [illegible] വർഷം | 600 | 750 |
| [illegible] വർഷം | 450 | 570 |
| [illegible].ഡി.സി (കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് സെന്റർ) | 650 | 820 |
| എച്ച്.ഡി.സി./എ.ഡി.സി./ഡി.സി.പി. (കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് സെന്റർ) | 700 | 880 |
| സബോർഡിനേറ്റ് പേഴ്സണൽ ട്രെയിനിംഗ് കോഴ്സ് (കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് സെന്റർ) | 650 | 820 |
| **ഡിപ്ലോമ കോഴ്സുകൾ** | | |
| പോളിടെക്നിക്കുകളിലെ ഡിപ്ലോമ കോഴ്സുകൾ | 700 | 880 |
| **ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജുകൾ** | | |
| ഡിപ്ലോമ കോഴ്സുകൾ | 650 | 820 |
| സർട്ടിഫിക്കറ്റ് കോഴ്സുകൾ | 350 | 440 |
| **ഫൈൻ ആർട്സ് കോളേജുകൾ** | | |
| [illegible] ഇൻ നാഷണൽ ഡിപ്ലോമ/ഡിഗ്രി കോഴ്സ്/ [illegible] കണ്ടൻസ് കോഴ്സ് | 700 | 880 |
| [illegible] | 1250 | 1570 |
| [illegible] പോളിടെക്നിക്, തിരുവനന്തപുരം, എം.റ്റി.ഐ. കളമശ്ശേരി, എം.റ്റി.ഐ., തൃശ്ശൂർ എന്നീ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് റ്റി വി എഞ്ചിനീയറിംഗ്/ഇൻഡസ്ട്രിയൽ ഇലക്ട്രോണിക്സ്/പോസ്റ്റ് ഡിപ്ലോമ കോഴ്സ് ഇൻ കമ്പ്യൂട്ടർ ആന്റ് ഹാർഡ്വെയർ മെയിന്റനൻസ്/പോസ്റ്റ് ഡിപ്ലോമ കോഴ്സ് ഇൻ ഇലക്ട്രോ മെഡിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ് കോഴ്സ് | 650 | 820 |

| | നിലവിലുള്ള നിരക്ക് (₹) | വർദ്ധിപ്പിച്ച നിരക്ക് (₹) |
|---|---|---|
| **വിവിധ യൂണിവേഴ്സിറ്റികൾ നടത്തുന്ന കോഴ്സുകൾ** | | |
| **കേരള യൂണിവേഴ്സിറ്റി** | | |
| (എ) മാസ്റ്റർ ഓഫ് ലൈബ്രറി സയൻസ് | 1800 | 2250 |
| **കൊച്ചിൻ യൂണിവേഴ്സിറ്റി** | | |
| (എ) എം.ബി.എ. | 1050 | 1320 |
| (ബി) ഡിപ്ലോമ ഇൻ ലേബർ ലാ | 1050 | 1320 |
| (സി) ബി.ടെക്. കോഴ്സ് ഇൻ റബ്ബർ പ്രോസ്സസിംഗ് ആന്റ് ടെക്നോളജി | 1750 | 2190 |
| (ഡി) ടെക്നോളജിക്കൽ കോഴ്സ് ഇൻ നേവൽ ആർക്കിടെക്ചർ ആന്റ് ഷിപ്പ് ബിൽഡിംഗ് | 1750 | 2190 |
| (ഇ) ഡി.ബി.എ. (പി. ജി. ഡിപ്ലോമ ഇൻ ബിസിനസ്സ് അഡ്മിനിസ്ട്രേഷൻ) | 1050 | 1320 |
| (എഫ്) എം. എസ്‌സി. മറൈൻ ബയോളജി ആന്റ് ഓഷ്യാനോഗ്രാഫി | 1050 | 1320 |
| ബി.ഐ.എൻ. കോഴ്സ് | 850 | 1070 |
| **കോഴിക്കോട് യൂണിവേഴ്സിറ്റി** | | |
| (എ) എം.സി.റ്റി. (മാസ്റ്റർ ഓഫ് കോളേജ് ടീച്ചിംഗ്) | 700 | 880 |
| (ബി) എം.ബി.എ. | 1050 | 1320 |
| (സി) ബാച്ചിലർ ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് | 1050 | 1320 |
| (ഡി) ബി.ടി.എ. കോഴ്സ് | 750 | 940 |
| **കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി** | | |
| (എ) ബിടെക് അഗ്രി/എഞ്ചിനീയറിംഗ് ഡിഗ്രി കോഴ്സുകൾ | 1800 | 2250 |
| (ബി) ബി.എസ്‌സി. ഫോറസ്ട്രി കോഴ്സ് | 1800 | 2250 |
| (സി) ബി.എസ്‌സി. റൂറൽ ഹോംസയൻസ് | 1550 | 1940 |
| (ഡി) ഡിപ്ലോമ കോഴ്സ് ഇൻ അഗ്രിക്കൾച്ചറൽ ആന്റ് റൂറൽ എഞ്ചിനീയറിംഗ് | 700 | 880 |
| (ഇ) ബി.എഫ്.എസ്‌സി. | 2050 | 2570 |
| (എഫ്) മേക്കപ്പ് കോഴ്സ് ഫോർ ഡിപ്ലോമ ഹോൾഡേഴ്സ് | 750 | 940 |

| | നിലവിലുള്ള നിരക്ക് (₹) | വർദ്ധിപ്പിച്ച നിരക്ക് (₹) |
|---|---|---|
| കേരള കലാമണ്ഡലം | | |
| ഡിപ്ലോമ കോഴ്സുകൾ | 900 | 1130 |
| പോസ്റ്റ് ഡിപ്ലോമ കോഴ്സുകൾ | 1050 | 1320 |
| കേരള പ്രസ് അക്കാദമി | | |
| പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ജേർണലിസം | 900 | 1130 |
| കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ്, തിരുവനന്തപുരം (കെ.ഐ.റ്റി.റ്റി.എസ്.) | | |
| പി. ജി. ഡി. ബി. എ. (4 സെമസ്റ്റർ കോഴ്സ്) (മുമ്പ് പി.ജി.ഡി.റ്റി.റ്റി.എം. 2 സെമസ്റ്റർ) | 1050 | 1320 |
| ഡി.എം.റ്റി.എം. | 650 | 820 |
| ഡി.റ്റി.റ്റി.ഐ.എം. (6 മാസ കോഴ്സ്, 8 മോഡ്യൂൾസ്) | 700 | 880 |
| ഗവൺമെന്റ് സ്ഥാപനങ്ങൾ, രവിവർമ്മ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈൻ ആർട്സ്, മാവേലിക്കര, ഫൈൻ ആർട്സ് കോളേജ്, തൃശ്ശൂർ എന്നിവിടങ്ങളിലെ വിവിധ കോഴ്സുകൾ | 700 | 880 |
| **വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ, ഗവ. സ്ഥാപനങ്ങളും അംഗീകൃത സ്ഥാപനങ്ങളും** | | |
| എഞ്ചിനീയറിംഗ്/നോൺ എഞ്ചിനീയറിംഗ് | | |
| ഒന്നാം വർഷം | 600 | 750 |
| രണ്ടാം വർഷം | 500 | 630 |
| അംഗീകൃത കോളേജുകളിലെ നടന ഭൂഷണ കോഴ്സ് (പ്രീ-മെട്രിക്) | 450 | 570 |
| പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള വ്യവസായ പരിശീലന/ഉൽപ്പാദന പരിശീലന കേന്ദ്രങ്ങളിലെ പരിശീലനാർത്ഥികൾ | | |
| ഒന്നാം വർഷം | 650 | 820 |
| രണ്ടാം വർഷം | 500 | 630 |

| | നിലവിലുള്ള നിരക്ക് (₹) | വർദ്ധിപ്പിച്ച നിരക്ക് (₹) |
|---|---|---|
| **മറ്റ് കോഴ്സുകൾ** | | |
| കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് | 700 | 880 |
| പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (പി.ജി.ഡി.സി.എ.) | 1050 | 1320 |
| പി.ജി.ഡി.എം. | 1050 | 1320 |
| പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമ ഇൻ ജേർണലിസം ആന്റ് കമ്മ്യൂണിക്കേഷൻ | 1050 | 1320 |
| ഹോമിയോ എം.ഡി./ഗ്രേഡഡ് ഡിഗ്രി | 1800 | 2250 |
| ബി.വി.എസ്‌സി. ആന്റ് എച്ച്. | 1800 | 2250 |
| മെഡിക്കൽ പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമ കോഴ്സുകൾ | 2500 | 3130 |
| ബി.എസ്‌സി. മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻ കോഴ്സ് | 800 | 1000 |
| എം.ഡി.എസ്. | 2500 | 3130 |
| കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ കോഴ്സ് | 800 | 1000 |
| യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റിലെ വിവിധ പി.ജി. കോഴ്സുകൾ | 1150 | 1440 |
| ബി.എസ്‌സി. കോ-ഓപ്പറേഷൻ ആന്റ് ബാങ്കിംഗ് | 1800 | 2250 |
| സെൻട്രൽ സ്കൂൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ 11-ഉം 12-ഉം ക്ലാസ്സുകൾ | 900 | 1130 |
| ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ | സ്പോർട്സ് ഉപകരണത്തിന്റെയും യൂണിഫോമിന്റെയും യഥാർത്ഥ ചെലവ് | |
| ഡിപ്ലോമ ഇൻ ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി | 700 | 880 |
| സ്കൂൾ ഓഫ് പ്രിന്റിംഗ് ടെക്നോളജി | 700 | 880 |
| തൃശ്ശൂർ ഐ.ടി.ഐ., തിരുവനന്തപുരം ഐ.ടി.ഐ. എന്നിവിടങ്ങളിലെ ഓട്ടോമൊബൈൽ സർട്ടിഫിക്കറ്റ് കോഴ്സ് ഒഴികെയുള്ള കോഴ്സുകൾ | 700 | 880 |
| പ്രിപ്പറേറ്ററി കോഴ്സ് ഇൻ റൂറൽ സർവീസ് | 750 | 940 |
| ഡിപ്ലോമ ഇൻ റൂറൽ സർവീസ് | 750 | 940 |

GCPT. 3/2689/2016/S-9.

| | നിലവിലുള്ള നിരക്ക് (₹) | വർദ്ധിപ്പിച്ച നിരക്ക് (₹) |
|---|---|---|
| ഡിപ്ലോമ ഇൻ കാറ്ററിംഗ് ആന്റ് ഫുഡ് പ്രിസർവേഷൻ | 650 | 820 |
| ക്രാഫ്റ്റ് സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഹോട്ടൽ റിസപ്ഷൻ ആന്റ് ബുക്ക്കീപ്പിംഗ് | 650 | 820 |
| ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, കളമശ്ശേരി, തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നിവിടങ്ങളിൽ നടത്തുന്ന ക്രാഫ്റ്റ് സർട്ടിഫിക്കറ്റ് കോഴ്സുകൾ | 650 | 820 |
| പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് | 550 | 690 |
| ചാർട്ടേർഡ് അക്കൗണ്ടൻസി ഫോർ ഇന്റർമീഡിയറ്റ് | 1300 | 1630 |
| ചാർട്ടേർഡ് അക്കൗണ്ടൻസി ഫോർ ഫൈനൽ | 1350 | 1690 |
| ആയുർവേദ ഫാർമസി ആന്റ് ആയുർവേദ നേഴ്സിംഗ് | 1050 | 1320 |
| ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് എക്സ്റ്റൻഷൻ സെന്റർ, കോഴിക്കോട് നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കുക്കറി, റെസ്റ്റോറന്റ് കൗണ്ടർ സർവീസ് ആന്റ് ഹോട്ടൽ റിസപ്ഷൻ ആന്റ് ബുക്ക്കീപ്പിംഗ് ഇൻ ഫുഡ് | 650 | 820 |
| അഗ്രി മെക്കാനിക് കോഴ്സ് | | |
| ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രിക്കൾച്ചറൽ ടെക്നോളജി, തവനൂർ നടത്തുന്നത് | 450 | 570 |
| നോൺ ഡിഗ്രി കോഴ്സുകൾ—(കോളേജുകളിൽ നടത്തുന്ന ഡിപ്ലോമ കോഴ്സുകൾ) | | |
| (എ) ഡിപ്ലോമ കോഴ്സ് ഇൻ സോഷ്യൽ സർവീസസ്/എൻ.സി.ഡി.യു. വിദ്വാൻ, വിശാരദ്, ശാസ്ത്രി/ഭൂഷൺ പോലുള്ള ഡിഗ്രി കോഴ്സുകൾ | 500 | 630 |
| (ബി) അറബിക് കോഴ്സുകളിലെ അഫ്സൽ ഉൽ-ഉദുമ-ടൈറ്റിൽ കോഴ്സ് | 500 | 630 |
| (സി) ആർട്സ് കോളേജുകളിൽ, ഓറിയന്റൽ ലാംഗ്വേജ്, അറബിക് കോളേജുകൾ എന്നീ സ്ഥാപനങ്ങൾ നടത്തുന്ന മറ്റ് പോസ്റ്റ് മെട്രിക്കുലേഷൻ കോഴ്സുകൾ | 500 | 630 |

| | നിലവിലുള്ള നിരക്ക് (₹) | വർദ്ധിപ്പിച്ച നിരക്ക് (₹) |
|---|---|---|
| (ഡി) ആയുർവേദ മഹാപാഠശാല, ഷൊർണ്ണൂർ | 1050 | 1320 |
| (ഇ) കോട്ടയ്ക്കൽ ആര്യ വൈദ്യശാല | 1050 | 1370 |
| (എഫ്) മാധവ മെമ്മോറിയൽ ആയുർവേദ കോളേജ്, കണ്ണൂർ | 1050 | 1320 |
| കോ-ഓപ്പറേറ്റീവ് കോളേജുകൾ | 500 | 630 |
| പോസ്റ്റ് ഡിപ്ലോമ കോഴ്സ്—പൗൾട്രി ടെക്നോളജി | 700 | 880 |
| ബി. എഡ്. സെഷണൽ കോഴ്സ് | 950 | 1190 |
| സംഗീത കോളേജുകളിലെ നടനഭൂഷണം ഒഴികെയുള്ള പോസ്റ്റ് മെട്രിക് കോഴ്സുകൾ | 700 | 880 |
| എം. എസ്‌സി. ആന്റ് ബി. കോഴ്സ്, സഹകരണ ബാങ്കിംഗ് കോളേജ്, മണ്ണുത്തി | 1300 | 1630 |
| സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളുടെ കീഴിൽ നടത്തുന്ന ബി.ബി.എ./ബി.സി.എ./ബി.എസ് സി. (ഇലക്ട്രോണിക്സ്) തുടങ്ങിയ കോഴ്സുകൾ | 950 | 1190 |

പ്രതിമാസ സ്റ്റൈപ്പന്റ് നിരക്ക്

| | നിലവിലുള്ള നിരക്ക് (₹) | വർദ്ധിപ്പിച്ച നിരക്ക് (₹) |
|---|---|---|
| പ്രീ-മെട്രിക് കോഴ്സുകൾ | | |
| (നായാടി, വേടൻ, വേട്ടുവൻ, കരിമ്പാലൻ, മാവിലൻ എന്നീ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും) കൂടാതെ പട്ടികജാതി വിഭാഗത്തിലെ പിന്നാക്കക്കാരായി പരിഗണിച്ചിട്ടുള്ള അരുന്ധതിയാർ/ചക്ലിയൻ വിദ്യാർത്ഥികൾക്കും | (കള്ളാടി സമുദായത്തെ ഉൾപ്പെടുത്തണം) | |
| സ്റ്റാൻഡേർഡ് 1 മുതൽ 4 വരെ | 100 | 130 |
| സ്റ്റാൻഡേർഡ് 5 മുതൽ 7 വരെ | 125 | 160 |
| സ്റ്റാൻഡേർഡ് 8 മുതൽ 10 വരെ | 150 | 190 |

Attested